സൂചിപ്പിച്ചതുപോലെ അല്ല, രക്ഷപ്പെട്ട ആളാണ് നാരായണൻ. മരിച്ചത് ദാമോദരനാണ്. നാരായണൻ അപകടമൊന്നും പറ്റാതെ രക്ഷപ്പെട്ടിട്ടുണ്ട്. ഇവർ മീൻ പിടിക്കുകയായിരുന്നു. പൂത്തോട്ടേയ്ക്ക് സർവ്വീസ് പോയ ബോട്ട് വാത്തിക്കാട്ട് ജെട്ടിയിൽ ആളെ ഇറക്കിയശേഷം പൂത്തോട്ടേയ്ക്ക് പോകുന്ന വഴി ബോട്ടുമുട്ടി കായലിന്റെ മദ്ധ്യ ഭാഗത്തുവച്ച് ബോട്ടുചാലിൽ വലയിട്ട് മൽസ്യബന്ധനം നടത്തിക്കൊണ്ടിരുന്ന വള്ളത്തിലുണ്ടായിരുന്ന തെക്കുംപരവൂർ സ്വദേശികളായ തണ്ടാശ്ശേരി നാരായണൻ, ദാമോദരൻ എന്നീ മൽസ്യത്തൊഴിലാളികളിൽ നാരായണൻ രക്ഷപ്പെടുകയും 54 വയസ്സുള്ള ദാമോദരൻ എന്ന ആളെ കാണാതാവുകയും ചെയ്തു. അതിനെ തുടർന്ന് പോലീസിന്റെയും നേവി ഉദ്യോഗസ്ഥന്മാരുടെയും മറ്റും സഹായത്തോടുകൂടി തെരച്ചിൽ നടത്തുകയും ദാമോദരന്റെ മൃതദേഹം 27-6-2003-ന് ലഭിക്കുകയും ചെയ്തു. ഇത് ബോട്ട് ചാലിൽ ലൈറ്റില്ലാതെ വലയിട്ടുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. സ്വാഭാവികമായി അങ്ങനെ ചെയ്യുന്നതാണ്. ധാരാളംപേർ രാത്രിയിൽ മീൻ പിടിക്കുന്നുണ്ട്. ഏതായാലും വല കുരുങ്ങിയാണ് ഇത് സംഭവിച്ചതെന്നാണ് പ്രാഥമിക അന്വേഷത്തിൽ കണ്ടെത്തിയിരിക്കുന്നത്. ഈ സംഭവത്തോടനുബന്ധിച്ച് പോലീസ് ക്രൈം നമ്പർ 121/3/യു.എസ്./280/304(എ) ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.. മേൽപ്പടിയാനെ കസ്റ്റഡിയിലെടുക്കുകയും തുടർന്ന് ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. പോലീസ് വിശദമായി ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു. ബോട്ടിന്റെ ഹെഡ്ലൈറ്റ് പ്രകാശിപ്പിച്ചിരുന്നില്ല എന്ന ആക്ഷേപമാണ് പ്രധാനമായും വന്നിരിക്കുന്നത്. അതിനെക്കുറിച്ച് അന്വേഷിക്കുകയാണ്. ഈ ബോട്ടിന്റെ സ്രാങ്കായ പി.എം. ഭാർഗ്ഗവനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. അപകടത്തിൽപ്പെട്ട് മരിച്ച ദാമോദരന്റെ ആശ്രിതർക്ക് സാമ്പത്തികസഹായം നൽകാൻ ഇതുവരെ നടപടിയൊന്നും എടുത്തിട്ടില്ല. കളക്ടറാണ് അത് കൊടുക്കേണ്ടത്. എന്തെങ്കിലും ചെയ്യേണ്ടത് അത്യാവശ്യമാണ്. ആ കാര്യത്തിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. ബോട്ടിൽ യാത്ര ചെയ്യുന്ന ആളുകൾക്ക് ഇൻഷ്വറൻസുണ്ട്, ബോട്ട് മുട്ടി മരിക്കുന്നവർക്ക് ഇൻഷ്വറൻസില്ല. അതുകൊണ്ട് ഗവൺമെന്റ് തീർച്ചയായും ഈ കാര്യത്തിൽ പാവപ്പെട്ട മൽസ്യത്തൊഴിലാളിയുടെ കുടുംബം അനാഥമാകാതിരിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം നൽകുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(3) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ വടക്കുംകര വീട്ടിൽ പതിഭയുടേയും രണ്ട് കുട്ടികളുടേയും മരണം

ശ്രീ. എൻ. രാജൻ : സർ, പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ വടക്കുംകര വീട്ടിൽ പ്രതിഭയും ആറും ഒമ്പതും വയസ്സുള്ള രണ്ട് കുട്ടികളും 24-4-2003-ൽ ആര്യനാട് ഐത്തി എന്ന സ്ഥലത്തുള്ള ഭർത്താവ് സുധീഷിന്റെ വീട്ടിൽ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. ഭർത്താവ് സുധീഷ് വിദേശത്തുനിന്നും വീട്ടിൽ വന്നതിന്റെ 17-ാം ദിവസമാണ് സംഭവമുണ്ടായത്. പ്രതിഭയുടെ ബന്ധുക്കളുടേയോ നാട്ടുകാരുടേയോ പരാതി പോലീസ് കേട്ടിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് ഈ കൂട്ടമരണം ആത്മഹത്യകളാക്കി എഴുതിതള്ളി. എന്നാൽ പോസ്റ്റ് മോർട്ടം റിപ്പോർട്ട് വന്നപ്പോൾ 9 വയസ്സുള്ള പെൺകുട്ടി മൃഗീയമായി പീഡിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കാണുന്നു. രണ്ടു മാസത്തെ അവധിക്കു വന്ന സുധീഷിനെ അവധി തീരുന്നതിനുമുമ്പ് വിദേശത്തുപോകാൻ അനുവദിച്ചു. അതുകൊണ്ട് ഈ സംഭവം സംബന്ധിച്ച് ഒരു പുനഃരന്വേഷണം നടത്തുകയും ക്രൈം ബ്രാഞ്ചിനെ അന്വേഷണം ഏൽപ്പിക്കുകയും ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സർ, ആര്യനാട് കോട്ടയ്ക്കകം ഭാസ്കരവിലാസം വീട്ടിൽ മോളി എന്ന് വിളിക്കുന്ന പ്രതിഭ, അവരുടെ മക്കളായ 9 വയസ്സുള്ള സുബി, 3 വയസ്സുള്ള ലക്ഷ്മി എന്നിവർ കെട്ടിത്തൂങ്ങി മരിച്ച നിലയിൽ 2003 ഏപ്രിൽ 24-ന് കാണപ്പെട്ടു. ഇതിലേയ്ക്ക് ക്രൈം116/03 നമ്പരായി ആര്യനാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. പ്രേതപരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയശേഷം പോസ്റ്റ് മോർട്ടം വന്നു. മരണകാരണം തൂങ്ങിമരണമാണെന്നും എന്നാൽ 9 വയസ്സുള്ള സുബി എന്ന കുട്ടി മരിക്കുന്നതിനു മുമ്പ് 24 മണിക്കൂറിനുള്ളിൽ ലൈംഗിക പീഡനത്തിന് ഇരയായിട്ടുണ്ടെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നുണ്ട്. മരണപ്പെട്ട പ്രതിഭയുമായും കുട്ടികളുമായും അടുത്തു ബന്ധമുള്ളവരേയും വീട്ടിലെ പതിവു സന്ദർശകരേയും അന്വേഷിക്കുകയും അവരെ ചോദ്യം ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ ഭർത്യ വീട്ടുകാരുടെ പീഡനംമൂലമാണ് പ്രതിഭയും കുട്ടികളും ആത്മഹത്യ ചെയ്യാനിടയായതെന്ന് പ്രതിഭയുടെ ബന്ധുക്കൾ ആരോപിക്കുന്നുണ്ട്. ഈ ആരോപണം വിശദമായി അന്വേഷിച്ചുവരുന്നു.

(4) പത്തനാപുരം നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ കഴിഞ്ഞ വ്യാഴാഴ്ച കൊല്ലം ഡി.ഡി.യുടെ ഉത്തരവു പ്രകാരം താൽക്കാലിക അദ്ധ്യാപകരെ മുഴുവൻ പിരിച്ചുവിട്ടുകൊണ്ട് സ്കൂൾപൂട്ടിയെന്ന പത്രവാർത്ത വരികയുണ്ടായി. ആ സ്കൂളിലെ തൂപ്പുകാരിയും ക്ളാർക്കുംകൂടെ ചേർന്ന് സ്കൂളിൽ പഠിപ്പിക്കുന്നതായും തൊട്ടടുത്തദിവസത്തെ പത്രങ്ങളിൽ വാർത്തവന്നു. നാന്നൂറോളം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ 50 ശതമാനത്തിലധികം പട്ടികജാതിവിഭാഗത്തിൽപെട്ട കുട്ടികളാണ്. അൻപതോളം വരുന്ന ഗിരിവർഗ്ഗകുട്ടികളെ അവിടത്തെ പ്രീ മെട്രിക് ഹോസ്റ്റലിൽ താമസിപ്പിച്ച് ഈ സ്കൂളിലാണ് പഠിപ്പിക്കുന്നത്. ഈ സംസ്ഥാനത്ത് ഏറ്റവും കുറച്ച് കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച സ്കൂൾ എന്നുള്ള ദുഷ്പേരുകൂടി കഴിഞ്ഞവർഷം ഈ സ്കൂളിന് ലഭിക്കുകയുണ്ടായി. ഇതിന്റെ പ്രധാനകാരണം അദ്ധ്യാപകരുടെ കുറവാണ്. അദ്ധ്യാപകരെ നിയമിക്കുന്നതിൽ കുറവു വരുന്നു. കൊല്ലം ജില്ലയിലെ താൽക്കാലിക അദ്ധ്യാപകരെ പിരിച്ചുവിടാനുള്ള ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly